<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4113</u> <u>28-06-2024 - ൽ മറുപടിയ്ക്ക്</u>

<u>ആലുവ മുനിസിപ്പാലിറ്റി പരിധിയിൽ ഹോമിയോ ഡിസ്പെൻസറി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലാണ് സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്തതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഡിസ്പെൻസറികളുടെ പേരുവിവരം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് സർക്കാർ/എൻ.എച്ച്.എം./ എസ്.സി.പി. (സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ) ഹോമിയോ ഡിസ്പെൻസറികളാണ് സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്നത്. സംസ്ഥാനത്ത് ആലുവ മുനിസിപ്പാലിറ്റി, തിരൂർ മുനിസിപ്പാലിറ്റി എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലാണ് സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ നിലവിലില്ലാത്തത്. തിരൂർ മുനിസിപ്പാലിറ്റിയിൽ മുനിസിപ്പാലിറ്റി ഫണ്ട് ഉപയോഗിച്ച് ഒരു ഹോമിയോ ഡിസ്പെൻസറി പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത തദ്ദേശ സ്വയംഭരണസ്ഥാപന പരിധിയിൽ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (ബി) | ആലുവ മുനിസിപ്പാലിറ്റി പരിധിയിൽ ഹോമിയോപ്പതി താൽക്കാലിക സേവനങ്ങൾ ലഭ്യമാക്കുവാൻ വേണ്ടിയുള്ള ക്രമീകരണങ്ങൾ ചെയ്തു വരുന്നു.<br><br>ഒരു ഹോമിയോ മെഡിക്കൽ ആഫീസർ, ഫാർമസിസ്റ്റ് എന്നീ ഉദ്യോഗസ്ഥരെ നാഷണൽ ആയുഷ് മിഷൻ മുഖേന കരാർ അടിസ്ഥാനത്തിൽ നിയമിക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>മറ്റ് ഭൗതിക സൗകര്യങ്ങൾ തദ്ദേശ സ്ഥാപനവും, ഹോമിയോപ്പതി വകുപ്പും ചേർന്ന് സജ്ജീകരിക്കുന്ന മുറയ്ക്ക് ആലുവയിൽ താൽക്കാലിക ഹോമിയോപ്പതി സേവനങ്ങൾ ആരംഭിക്കുന്നതാണ്. |
| (സി) | ആലുവ മുനിസിപ്പാലിറ്റി പരിധിയിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകളിൽ നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | ആലുവ മുനിസിപ്പാലിറ്റി പരിധിയിൽ ഹോമിയോപ്പതി താൽക്കാലിക സേവനങ്ങൾ ലഭ്യമാക്കുവാൻ വേണ്ടിയുള്ള ക്രമീകരണങ്ങൾ ചെയ്തു വരുന്നു.<br><br>ഒരു ഹോമിയോ മെഡിക്കൽ ആഫീസർ, ഫാർമസിസ്റ്റ് എന്നീ ഉദ്യോഗസ്ഥരെ നാഷണൽ ആയുഷ് മിഷൻ മുഖേന കരാർ അടിസ്ഥാനത്തിൽ നിയമിക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| | | | മറ്റ് ഭൗതിക സൗകര്യങ്ങൾ തദ്ദേശ സ്ഥാപനവും, ഹോമിയോപ്പതി വകുപ്പും ചേർന്ന് സജ്ജീകരിക്കുന്ന മുറയ്ക്ക് ആലുവയിൽ താൽക്കാലിക ഹോമിയോപ്പതി സേവനങ്ങൾ ആരംഭിക്കുന്നതാണ്. |
| (ഡി) | ആലുവ മുനിസിപ്പാലിറ്റി പരിധിയിൽ ഹോമിയോ ഡിസ്പെൻസറി എത്രയും വേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | ആലുവ മുനിസിപ്പാലിറ്റി പരിധിയിൽ ഹോമിയോപ്പതി താൽക്കാലിക സേവനങ്ങൾ ലഭ്യമാക്കുവാൻ വേണ്ടിയുള്ള ക്രമീകരണങ്ങൾ ചെയ്തു വരുന്നു.<br><br>ഒരു ഹോമിയോ മെഡിക്കൽ ആഫീസർ, ഫാർമസിസ്റ്റ് എന്നീ ഉദ്യോഗസ്ഥരെ നാഷണൽ ആയുഷ് മിഷൻ മുഖേന കരാർ അടിസ്ഥാനത്തിൽ നിയമിക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>മറ്റ് ഭൗതിക സൗകര്യങ്ങൾ തദ്ദേശ സ്ഥാപനവും, ഹോമിയോപ്പതി വകുപ്പും ചേർന്ന് സജ്ജീകരിക്കുന്ന മുറയ്ക്ക് ആലുവയിൽ താൽക്കാലിക ഹോമിയോപ്പതി സേവനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ